I.ഇ.ബി.XIകേരള നിയമസഭ/IV16

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 9, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

മി. സ്പീക്കർ: ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് കിട്ടിയിട്ടുണ്ട്. അത് സബ്മിഷനായി അവതരിപ്പിക്കാം

## ശ്രദ്ധക്ഷണിക്കൽ

(1) സർക്കാർ വകുപ്പുകളിലെ തസ്തികകൾ വെട്ടിക്കുറയ്ക്കാനുള്ള സർക്കാരിന്റെ നീക്കം

ശ്രീ. ടി.കെ. ദേവകുമാർ: അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതിന്റെ ഭാഗമായി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾക്ക് കോട്ടം തട്ടാത്ത രീതിയിൽ അവരുടെ ഓപ്ഷൻ വാങ്ങി, വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി ഉദ്യോഗസ്ഥ പുനർവിന്യാസം നടത്തണമെന്നാണ് സെൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്. അതിൽനിന്നും വ്യത്യസ്തമായി സംസ്ഥാന പ്ളാനിംഗ് കമ്മീഷൻ ഉപാദ്ധ്യക്ഷൻ നൽകിയ ശുപാർശയനുസരിച്ച് 80,000–ഓളം തസ്തികകൾ അധികമാണെന്ന നിർദ്ദേശം അംഗീകരിക്കുകയും 16.1.2002–ന് ഗവൺമെന്റ് ഉത്തര വിറക്കുകയുമുണ്ടായി. അതിനുശേഷം ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയേയും, ഭരണ പരിഷ്കാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയേയും അംഗങ്ങളാക്കി രൂപീകരിച്ച കമ്മിറ്റി വകുപ്പു തലവൻമാരുമായി ചർച്ച ചെയ്ത് തസ്തികകൾ മൂന്നിലൊന്ന് വെട്ടിക്കുറയ്ക്കുന്നതിനുള്ള

ഉത്തരവിറക്കിയിരിക്കുന്നു. ഓരോ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചും യാതൊരു പഠനവും പരിശോധനയും നടത്താതെയാണ് ഇത്തരം തീരുമാനമെടുത്തിരിക്കുന്നത്. പി.ഡബ്ള്യു.ഡി., വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളിൽ ധാരാളം തസ്തികകൾ നിറുത്തലാക്കിയിരിക്കുകയാണ്. ഇത് സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളേയും വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളേയും സാരമായി ബാധിക്കും. ഇപ്പോൾ സെപ്റ്റംബർ 30–വരെ പുനർവിന്യാസത്തിന്റെ കാലാവധി നീട്ടിയിരിക്കുന്നു. അതുകൊണ്ട് ഫലത്തിൽ പുതിയ നിയമനവും നടക്കുകയില്ല. അശാസ്ത്രീയമായ ഈ സമീപനത്തിൽനിന്നും സർക്കാർ പിൻമാറണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): മൂന്നിലൊന്ന് ജീവനക്കാരുടെ തസ്തികകൾ നഷ്ടപ്പെടാൻ പോകുന്നുവെന്ന് പറഞ്ഞത് അടിസ്ഥാനരഹിതമാണ്. സർക്കാർ വകുപ്പിലെ അധിക തസ്തികകൾ കണ്ടെത്തുന്നതിന് ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയും, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും അടങ്ങുന്ന ഒരു സമിതിയെ രൂപീകരിച്ചിട്ടുണ്ട്. സമിതി വിവിധ വകുപ്പ് അദ്ധ്യക്ഷന്മാരുമായി വിശദമായി ചർച്ച നടത്തി 25 വകുപ്പുകളിലായി 16,329 തസ്തികകൾ അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അധികമായി കണ്ടെത്തിയ ജീവനക്കാരുടെ എണ്ണം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്നതും കൂടി ഉൾപ്പെടുത്തിയാൽ പത്തു ശതമാനത്തിൽ താഴെയാണ്. ഇതിൽനിന്നുതന്നെ മൂന്നിലൊന്ന് തസ്തികകൾ വെട്ടിച്ചുരുക്കാനുള്ള യാതൊരു നീക്കവുമില്ലെന്നുള്ളത് വളരെ വ്യക്തമാണ്.

(2) സമഗ്ര ശാസ്ത്രനയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. വി. ചന്ദ്രമോഹൻ: 1970–77 കാലഘട്ടത്തിനുശേഷം സംസ്ഥാനത്ത് ഒരു ശാസ്ത്രനയം ഇല്ലാത്തതിനാൽ ഗവേഷണസ്ഥാപനങ്ങളുടെ എണ്ണത്തിലും ഗവേഷണഫലങ്ങൾ സാധാരണക്കാർക്ക് പ്രയോജനപ്രദമാക്കുന്നതിലുമൊക്കെ സംസ്ഥാനം വളരെ പുറകിലാണ്. പ്രതിഭാശാലികളായ ശാസ്ത്രജ്ഞന്മാരെ വളർത്തിയെടുക്കാനുതകുന്ന തരത്തിൽ ഒരു ശാസ്ത്ര നയം രൂപീകരിക്കണം. സയൻസ് ഐച്ഛിക വിഷയമായെടുത്ത് പഠിക്കുന്ന കുട്ടികൾക്കെല്ലാം അവസരങ്ങൾ ലഭിക്കണമെങ്കിൽ കേന്ദ്രത്തിന്റേയും മറ്റു ധനകാര്യ സ്ഥാപനങ്ങളുടേയും സാമ്പത്തികസഹായത്തോടെ പ്രവർത്തിക്കുന്ന ഒട്ടേറെ സ്വയംഭരണ ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കണം. സംസ്ഥാനത്ത് നിലവിലുള്ള 20 ഗവേഷണ സ്ഥാപനങ്ങളുടെ ഭരണച്ചുമതല 2 വർഷം മുമ്പു ഒരു 52 അംഗ സമിതിയെ ഏൽപ്പിച്ചത് പ്രായോഗികമായി പല ബുദ്ധിമുട്ടുകളു മുണ്ടാക്കുന്നതിനാൽ ഓരോ സ്ഥാപനത്തിനും പ്രത്യേക ഭരണസമിതി ഉണ്ടാക്കണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): വ്യവസായ ഗവേഷണ കേന്ദ്രങ്ങൾ തമ്മിലുള്ള ഇടപെടൽ, പേറ്റന്റ് രജിസ്റ്ററാക്കൽ, ഉപയുക്തമേഖലയ്ക്ക് സാങ്കേതിക കൈമാറ്റം എന്നിവ യിലുണ്ടായ കുറവും വിദ്യാഭ്യാസരംഗത്തെ മാറ്റങ്ങളും 1970–ലുണ്ടാക്കിയ ശാസ്ത്ര സാങ്കേതിക നയം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നവയാണ്. 30 വർഷങ്ങൾക്ക്

മുമ്പു രൂപീകരിച്ച നയത്തിന്റെയടിസ്ഥാനത്തിൽ ആരംഭിച്ച 7 ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനവും കാലക്രമേണ തൃപ്തികരമല്ലാതായിരിക്കുകയാണ്. വിരലിലെണ്ണാവുന്ന പേറ്റന്റുകൾ മാത്രമേ ആ സ്ഥാപനങ്ങളുടേതായി അവകാശപ്പെടാനുള്ളൂ. സംസ്ഥാനത്തെ ശാസ്ത്രജ്ഞന്മാരുടെ ദേശീയതലത്തിലുള്ള അംഗീകാരത്തിനും ഇടിവുണ്ടായി. ഈ സാഹചര്യത്തിൽ ശാസ്ത്ര സാങ്കേതിക നയം ശക്തിപ്പെടുത്തുന്നതിനും ഘടനാപരമായ മാറ്റങ്ങൾ ആവശ്യമെങ്കിൽ നിർദ്ദേശിക്കുന്നതിനുമായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതിവകുപ്പു ചെയർമാനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

## സബ്മിഷൻ

(1) <u>പോലീസ് കസ്ററഡിയിലിരിക്കെ ഡിവൈ.എസ്.പി. രക്ഷപ്പെട്ടത് സംബന്ധിച്ച്</u>

<u>ശ്രീ. പിരപ്പൻകോട് മുരളി</u>: പെൺവാണിഭക്കേസുമായി ബന്ധപ്പെട്ട് ശംഖുംമുഖം സി.ഐ. കുമാരപുരത്തു നിന്നു കസ്റ്റഡിയിലെടുത്ത 7 പേരിൽ ഒരാളായ തിരുവനന്തപുരം വിമാനത്താവളം സെക്യൂരിറ്റി വിഭാഗം ഡിവൈ.എസ്.പി. മുഹമ്മദ് ഇക്ബാൽ മാത്രം കന്റോൺമെന്റ് സ്റ്റേഷനിലേക്ക് കൊണ്ടുപോകുന്ന വഴി പേട്ട നാലുമുക്കിൽ വച്ചു രക്ഷപ്പെട്ടതിനുപിന്നിൽ ഏറെ ദുരൂഹതകളുള്ള തിനാൽ ഇക്കാര്യത്തെക്കുറിച്ചു വിശദമായി അന്വേഷണം നടത്തി കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനു ഗവൺമെന്റ് തയ്യാറാകണം.

മുഖ്യമന്ത്രി <u>(ശ്രീ. എ.കെ. ആന്റണി)</u>: തിരുവനന്തപുരത്തെ കുമാരപുരം പൂന്തി റോഡിലുള്ള ഒരു വീട്ടിൽ അനാശാസ്യ പ്രവർത്തനങ്ങൾ നടക്കുന്നതായി രഹസ്യ വിവരം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ 7-7-2002, രാത്രി 10.10-ന് ശംഖുമുഖം അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ പോലീസ് പാർട്ടി റെയിഡ് നടത്തി രാജി എന്ന സ്ത്രീയേയും മൂന്നു യുവതികളേയും മൂന്ന് പുരുഷന്മാരെയും അറസ്റ്റ് ചെയ്ത് പ്രിവൻഷൻ ഓഫ് ഇമ്മോറൽ ട്രാഫിക് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. അറസ്റ്റ് ചെയ്യപ്പെട്ടവരിൽ തിരുവനന്തപുരം എയർപോർട്ട് സെക്യൂരിറ്റി വിഭാഗം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടും ഉണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തെ കന്റോൺമെന്റ് സ്റ്റേഷനിലേക്ക് ശംഖുമുഖം അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ ജീപ്പിൽ കയറ്റിക്കൊണ്ട് പോകവേ പേട്ട നാലുമുക്കിന് സമീപം വച്ച് രക്ഷപ്പെട്ടതായി ശംഖുമുഖം അസിസ്റ്റന്റ് പോലീസ് കമ്മീഷണർ അറിയിക്കുകയും പേട്ട പോലീസ് സ്റ്റേഷനിൽ അദ്ദേഹത്തിനെതിരെ ഇൻഡ്യൻ ശിക്ഷാ നിയമപ്രകാരം മറ്റൊരു കേസുകൂടി രജിസ്റ്റർ ചെയ്യുകയുമുണ്ടായിട്ടുണ്ട്. കേസിൽപ്പെട്ട അസിസ്റ്റന്റ് കമ്മീഷണറെ സസ്പെന്റ് ചെയ്യാൻ തീരുമാനിച്ചതോടോപ്പം അദ്ദേഹം ചാടിപ്പോകാനിടയായതുസംബന്ധിച്ച് അന്വേഷിച്ച് കുറ്റക്കാരുടെമേൽ നടപടി സ്വീകരിക്കുന്നതുമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി നിർഭാഗ്യകരമാണ്. കുറ്റക്കാരുടെമേൽ ശിക്ഷണ നടപടി സ്വീകരിക്കുന്ന സമീപനമല്ല ഈ ഗവണ്മെന്റ് സ്വീകരിച്ചത്.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): കേസിൽപ്പെട്ട അസിസ്റ്റന്റ് കമ്മീഷണർ എന്നു പറഞ്ഞത് കുറ്റക്കാരനായ ഡിവൈ.എസ്.പി. യെക്കുറിച്ചാണ്. അദ്ദേഹത്തെ സസ്പെന്റ്
ചെ.യ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്നും പുറത്തുപോകുകയും അല്പ സമയത്തിനു ശേഷം സഭയിൽ തിരികെ പ്രവേശിക്കുകയും ചെയ്തു.)

(2) സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

ശ്രീ. എൻ.ഡി. അപ്പച്ചൻ: സുൽത്താൻ ബത്തേരി നിയോജക മണ്ഡലത്തിലെ പുല്പള്ളി, ബത്തേരി തുടങ്ങിയ പഞ്ചായത്തുകളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയാണ്. വിവിധ പദ്ധതികളിലെ സ്റ്റോറിംഗ് കപ്പാസിറ്റി കുറവായതാണ് ഇതിന് കാരണം. അടിയന്തിര നടപടികൾ കൈക്കൊണ്ട് അവിടത്തെ കുടിവെള്ളക്ഷാമം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സുൽത്താൻബത്തേരി നിയോജക മണ്ഡലത്തിൽ നാല് മേജർ ശുദ്ധജലവിതരണ പദ്ധതികളും ഒൻപത് ചെറുകിട ശുദ്ധജലവിതരണ പദ്ധതികളുമുണ്ട്. ഇതിനുപുറമെ മൂന്നായംകുഴി ശുദ്ധജലവിതരണ പദ്ധതിയുടെ പണികൾ പൂർത്തിയായി വരികയാണ്. ആറ് പദ്ധതികൾ പഞ്ചായത്തിന് കൈമാററം ചെയ്തിട്ടുണ്ട്. ഏഴ് പദ്ധതികളുടെ പ്രവർത്തനം നടക്കുന്നുണ്ട്. പമ്പ്സെററിന്റെ തകരാറുമൂലവും വൈദ്യുതിപ്രശ്നത്തിന്റെ പേരിലും ജലവിതരണം സ്തംഭിക്കുന്നത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മീനങ്ങാടി പഞ്ചായത്തിൽ പി.എം.ജി.വൈ. സ്കീമിൽപ്പെടുത്തി 328 ലക്ഷം രൂപയുടെ പദ്ധതിക്ക് 29-4-2002-ൽ അനുമതി കൊടുത്തിട്ടുണ്ട്.

(3) ഗവൺമെന്റ് സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: കൊല്ലം ജില്ലയിൽ പി.എസ്.സി. അഡ്വൈസ് മെമ്മോ ലഭിച്ച എല്ലാ എൽ.പി.-യു.പി. സ്കൂൾ അദ്ധ്യാപകരേയും അടിയന്തിരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): കൊല്ലം ജില്ലയിൽ നിലവിലുണ്ടായിരുന്ന 113 പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകൾ സ്ഥലംമാററം വഴിയും ദിവസവേതന വ്യവസ്ഥ പ്രകാരവും നികത്തിയിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് മെമ്മോ ലഭിച്ച ആരുംതന്നെ ഇനി നിയമിക്കപ്പെടാൻ ബാക്കി ഇല്ല എന്നാണ് ഗവൺമെന്റിന് കിട്ടിയ വിവരം. ഇതുസംബന്ധിച്ച് പരാതികളുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

(4) പാലിന്റെ വില കുറയ്ക്കുന്നതുമൂലം കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ

ശ്രീ. ഇ.എം. അഗസ്തി: കേരളത്തിലെ ക്ഷീരകർഷകർക്ക് പാലിന് ന്യായമായ വില ലഭ്യമാകുന്നില്ല. ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തി അവർക്ക് ന്യായമായ വില ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. തമിഴ്നാട്ടിൽനിന്ന് കേരളത്തിലേയ്ക്ക് പാൽ കൊണ്ടുവരുന്നത് നിയന്ത്രിക്കണം. ഈ മേഖലയിലെ കർഷകരെ സഹായിക്കുന്നതിന് സർക്കാർ അടിയന്തിരമായി സാമ്പത്തികസഹായം നൽകണം.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): മിൽമ വർഷകാലത്ത് പാലിന്റെ വിലയിൽ ലിറ്ററൊന്നിന് 60 പൈസയും 50 പൈസയുമൊക്കെ കുറയ്ക്കുന്ന പതിവുണ്ട്. മറ്റ് സംസ്ഥാനങ്ങളിലും ഇങ്ങനെ ചെയ്യാറുണ്ട്. മിൽമ ലിറ്ററിന് 10 രൂപ 50 പൈസയ്ക്കാണ് പാൽ എടുക്കുന്നത്. കേരളത്തിൽ പാൽ അധികമായതുകൊണ്ടാണ് വിലക്കുറവ് ഉണ്ടാകുന്നത്. തമിഴ് നാട്ടിൽനിന്ന് കേരളത്തിലേയ്ക്ക് പാൽ കൊണ്ടുവരുന്നത് പാൽവില കുറയാൻ ഒരു കാരണമാണ്. ഇപ്പോൾ മിൽമയ്ക്ക് നഷ്ടം സഹിച്ച് അധികം വരുന്ന പാലിനെ പാൽപ്പൊടി ആക്കേണ്ടി വരുന്നുണ്ട്. കുട്ടികൾക്ക് ഒരു കപ്പ് പാലും ഷേക്ക്ഹാന്റും പദ്ധതി പ്രാവർത്തികമാക്കിക്കഴിയുമ്പോൾ പാൽ അധികമാകുകയില്ല. മിൽമയുടെ ഇന്നത്തെ കപ്പാസിററി വർദ്ധിപ്പിക്കുന്നതിനുള്ള ഗവൺമെന്റിന്റെ ശ്രമം പ്രാവർത്തികമാകുന്നതോടുകൂടി ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാകും.

(5) കുഴൽമന്ദം കേന്ദ്രീകരിച്ച് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററും ഒരു പോസ്റ്റ്-മെട്രിക് ഹോസ്റ്റലും ആരംഭിക്കൽ

ശ്രീ. എ.കെ. ബാലൻ: കുഴൽമന്ദം നിയോജകമണ്ഡലം കേന്ദ്രീകരിച്ച് ഒരു പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററും പെൺകുട്ടികൾക്കുള്ള ഒരു പോസ്റ്റ്-മെട്രിക് ഹോസ്ററലും ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ അടിയന്തിരമായി പ്രാവർത്തികമാക്കണം.

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ഡോ. എം.എ. കുട്ടപ്പൻ): കുഴൽമന്ദം കേന്ദ്രീകരിച്ച് ഒരു പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററും പോസ്റ്റ് മെട്രിക് ഹോസ്റ്റലും

തുടങ്ങുന്നതിനെക്കുറിച്ച് പട്ടികജാതി വികസന ഡയറക്ടർ പരിശോധിച്ചുവരികയാണ്. റിപ്പോർട്ട് ലഭ്യമായാൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(6) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്ന എയ്ഡ്സ് സർവൈലൻസ് സെന്ററിന്റെ പ്രവർത്തനം

ശ്രീ. എം.എ. വാഹീദ്: തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്ന എയിഡ്സ് സർവൈലൻസ് സെന്ററർ വികസിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ വകുപ്പുമന്ത്രി ( ശ്രീ. പി. ശങ്കരൻ): നാഷണൽ എയിഡ്സ് കൺട്രോൾ പ്രോഗ്രാം അനുസരിച്ച് തിരുവനന്തപുരത്തെ എയിഡ്സ് സർവൈലൻസ് സെന്റർ മൈക്രോ ബയോളജി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസറുടെ കീഴിൽ റഫറൽ പദവിയുള്ള വോളന്ററി കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററാക്കിയിട്ടുണ്ട്.

## റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

2002–2003 സാമ്പത്തിക വർഷഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം.എ. കുട്ടപ്പൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV – പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം (4,32,62,07,000 രൂപ)

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX – കൃഷി (2,73,67,45,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXI – മൃഗ സംരക്ഷണം (74,07,58,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXII – ക്ഷീരവ്യവസായം (10,61,93,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV–ാം നമ്പർ ധനാഭ്യർത്ഥനയേയും കൃഷി എന്ന XXIX–ാം നമ്പർ

ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI–ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവ്യവസായം എന്ന XXXII–ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ കോവൂർ കുഞ്ഞുമോൻ, മാങ്കോട് രാധാകൃഷ്ണൻ, എൻ. രാജൻ, എം. കുമാരൻ, എ.കെ. ബാലൻ, വി.കെ. ചന്ദ്രൻ, കെ.വി. കുഞ്ഞിരാമൻ, കെ.കെ. ജയചന്ദ്രൻ, മത്തായി ചാക്കോ, വി.കെ.സി. മമ്മത് കോയ, പിരപ്പൻകോട് മുരളി, കെ. രാധാകൃഷ്ണൻ, ടി.പി. രാമകൃഷ്ണൻ, സാജുപോൾ, മഞ്ഞളാംകുഴി അലി, പി.എസ്. സുപാൽ, വി. ചെന്താമരാക്ഷൻ, പി. ജയരാജൻ, കെ.പി. സതീശ് ചന്ദ്രൻ, കെ.പി. മോഹനൻ, സി.കെ. നാണു, രാജു എബ്രഹാം, കെ.പി. രാജേന്ദ്രൻ, ഡോ. തോമസ് ഐസക് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ.വി. കുഞ്ഞിരാമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മഴ കിട്ടാതെ വിഷമിക്കുന്ന കേരളത്തിലെ കൃഷിക്കാർ വലിയ കഷ്ടപ്പാടിലേയ്ക്ക് പോവുകയാണ്. കൃഷി മേഖലയിലെ അഴിമതിയും കൊള്ളരുതായ്മയും പുത്തൻ സാമ്പത്തികനയം സൃഷ്ടിക്കുന്ന കെടുതികളും മറച്ചുവയ്ക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായി കാർഷികോൽപ്പന്നങ്ങളുടെ വിലയിടിയുകയും ആ മേഖല സാമ്പത്തിക തകർച്ച നേരിടുകയും ചെയ്യുന്നു. കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി തീരുവ ഉയർത്തി നിശ്ചയിക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റ് ശ്രമിച്ചിരുന്നു. അതിൽനിന്നും വ്യത്യസ്ത മായ സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇതിന്റെ ഫലമായി സംസ്ഥാനത്തെ കർഷകരുടെ കഷ്ടപ്പാടുകൾ വർദ്ധിച്ചിരിക്കുന്നു. കാർഷിക കുടുംബങ്ങളെ സഹായിക്കുന്ന തിനുപകരം അവരെ ദ്രോഹിക്കുന്ന നയസമീപനങ്ങളാണ് യു.ഡി.എഫ്. ഗവൺമെന്റ് കൈക്കൊള്ളുന്നത്. സർക്കാർ ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറച്ച് സമാഹരിച്ച തുക കാർഷികമേഖലയിൽ വിനിയോഗിക്കാൻ ഗവൺമെന്റ് തയ്യാറാകണം. കഴിഞ്ഞ ഗവൺമെന്റ് അഴിമതിക്കാരെന്നു കണ്ടെത്തിയ സംഘങ്ങൾക്ക് കൊപ്ര സംഭരണത്തിനുള്ള അവസരം നൽകിയ നടപടിയിൽനിന്നും പിൻമാറണം. റബ്ബർ കൃഷിക്കാരെ സഹായിക്കാനായി മാറ്റിവച്ച 40 കോടി രൂപ അവർക്ക് നൽകണം. റബർ കൃഷിക്കാർക്കുവേണ്ടി 40 കോടിരൂപ മാറ്റിവച്ചെങ്കിലും റബ്ബർ സംഭരണവും കയറ്റുമതിയും നല്ല രീതിയിൽ നടത്താൻ കഴിയാത്തതുകൊണ്ട് റബ്ബറിന് ന്യായമായ വില ലഭ്യമാക്കാൻ കഴിഞ്ഞില്ല. നാളികേരം, അടയ്ക്ക, റബ്ബർ, കുരുമുളക് എന്നിവയുടെ ഉല്പാദനത്തിൽ കുറവു വന്നതിന്റെ ഫലമായിട്ടാണ് കാർഷിക വിളകളുടെ വിലയിൽ അല്പം വർദ്ധനവുണ്ടായത്. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനെക്കൊണ്ട് സിംഗപ്പൂരിലേയ്ക്ക് റബ്ബർ കയറ്റുമതി ചെയ്തയിനത്തിൽ നാലരക്കോടി രൂപയുടെ അഴിമതി നടന്നിട്ടുണ്ട് എന്ന പത്ര വാർത്ത വന്നിരുന്നു. കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിനുപകരം റബ്ബർ

മാഫിയകളെ സഹായിക്കുന്ന നയമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കടാശ്വാസ പദ്ധതിപ്രകാരം അടയ്ക്കാ കർഷകരെ സഹായിക്കുന്നതിനുവേണ്ടി പത്തുകോടിരൂപ മാറ്റിവച്ചെങ്കിലും പത്തുരൂപയുടെ സഹായംപോലും അവർക്ക് ലഭ്യമാക്കിയിട്ടില്ല. ഈ മേഖലയിൽ അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും വർദ്ധിച്ചുവരുന്നു. സാധാരണജനങ്ങളേയും കൃഷിക്കാരേയും സഹായിക്കുന്നതിന് ഒരു നടപടിയും ഈ ഗവണ്മെന്റ് കൈക്കൊള്ളുന്നില്ല. കാസർകോട് മേഖലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ പ്രയോഗിച്ചതിനെത്തുടർന്ന് ജനങ്ങൾക്കുണ്ടാകുന്ന ദുരിതത്തിൽനിന്നും അവരെ രക്ഷിക്കാനാവശ്യമായ ഒരു നടപടിയും സ്വീകരിക്കുന്നില്ല. കേരളത്തിലെ ജനങ്ങളോടും കൃഷിക്കാരോടും നീതിയും ന്യായവുമില്ലാത്ത നടപടികളാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്

.

<u>ശ്രീ. ജോർജ്ജ്. ജെ. മാത്യു:</u> ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു . വ്യാവസായിക കാര്യങ്ങൾ പഠിക്കാൻ കേരളത്തിൽനിന്നും ചൈനയിലേക്കുപോകുന്ന സംഘത്തിൽ സി.പി.ഐ സി.പി.എം അംഗങ്ങളെ ഉൾപ്പെടുത്തി അവർക്ക് ലോകത്തുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചു പഠിക്കാൻ അവസരം നൽകണം. കൃഷി ലാഭകരമാക്കണമെങ്കിൽ ഏതു കൃഷിക്കാണ് ആ ഭൂമി അനുയോജ്യമെന്ന അടിസ്ഥാനപരമായ കാര്യം മനസ്സിലാക്കണം. കാർഷികസർവ്വകലാശാലയിലേയും കൃഷിയെക്കുറിച്ച് പഠനം നടത്തുന്ന മറ്റു കേന്ദ്രങ്ങളിലേയും ശാസ്ത്രജ്ഞന്മാർ അത്തരം കാര്യങ്ങൾ നമ്മുടെ കൃഷി ഓഫീസർമാരെ പഠിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ഒരു ഗ്ളോബൽ വില്ലേജായി ലോകം മാറിയിരിക്കുന്ന സാഹചര്യത്തിൽ ലോകത്ത് എവിടേയും ലാഭകരമായ രീതിയിൽ കൃഷി ചെയ്യാനും അത് പരിപാലിക്കുന്നതിനുമുള്ള സംവിധാനമുണ്ട്. എന്നാൽ അവയെക്കുറിച്ച് നമുക്ക് കാര്യമായ ജ്ഞാനമില്ല എന്നുള്ളതാണ് വസ്തുത. ഇന്ന് തേയില മേഖലയിൽ പ്രതിസന്ധിയുണ്ട്. തേയില മേഖലയിൽ കേന്ദ്ര ഗവൺമെന്റ് 100 ശതമാനം വിദേശ ഇൻവെസ്റ്റുമെന്റ് നടപ്പിലാക്കാൻ തീരുമാനിച്ചു. ആഫ്രിക്കൻ രാജ്യങ്ങളെപ്പോലെ ഇവിടെ തേയിലയുടെ ഉൽപ്പാദനം എങ്ങനെ വർദ്ധിപ്പിക്കാം എന്നത് സംബന്ധിച്ച് പഠിച്ച് അക്കാര്യത്തിൽ തീരുമാനമെടുക്കുകയാണ് വേണ്ടത്. തേയില റീപ്ളാന്റേഷൻ ശരിയായി നടക്കുന്ന മേഖലയിൽപോലും നമുക്ക് ഉൽപ്പാദനം വേണ്ടത്ര വർദ്ധിപ്പിക്കാൻ കഴിയുന്നില്ല. അതിനാൽ കൃഷി സമ്പ്രദായങ്ങളിൽ അടിസ്ഥാനപരമായ മാറ്റമുണ്ടാകേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ലാന്റ് റിഫോംസ് മാതൃകാപരമായി നടപ്പിലാക്കിയതുമൂലം സാമൂഹ്യരംഗത്ത് വമ്പിച്ച മാറ്റമുണ്ടാക്കിയെന്നത് തർക്കമില്ലാത്ത കാര്യമാണ്. പക്ഷേ കായൽ നിലങ്ങളുടേയും കശുമാവ് കൃഷിയുടേയും കാര്യത്തിൽ എങ്ങനെ പുരോഗതി കൈവരിക്കാം എന്നതിനെ സംബന്ധിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. പച്ചക്കറികൾക്ക് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കാതെ നമ്മുടെ വീടുകളിൽ വെജിറ്റബിൾ ഗാർഡൻ ഉണ്ടാക്കാനുള്ള ശ്രമങ്ങളിലേർപ്പെടണം. കൃഷിക്കാർക്ക് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ് ചെയ്ത് കൊടുക്കണം, ആവശ്യമായ ഇൻഫർമേഷനും കൊടുക്കണം. എന്നാൽ സബ്സിഡിയുടെ പേരിൽ നേരിട്ട് പണം കൊടുക്കുന്നത് ശരിയല്ല. പഞ്ചായത്തടിസ്ഥാനത്തിൽ സോയിൽ ആന്റ് ലീഫ് അനാലിസിസ് നടത്തുകയും വളപ്രയോഗം നടത്താനുള്ള സംവിധാനമേർപ്പെടുത്തിക്കൊടുക്കുകയും വേണം.

<u>ശ്രീ. എം. കുമാരൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഓരോ വകുപ്പിന്റേയും പ്രവർത്തനം പരിശോധിച്ചാൽ ഈ സംസ്ഥാനത്തിലെ ജനങ്ങളെ വീണ്ടും വീണ്ടും പടുകുഴിയിലേക്ക് നയിക്കുന്ന സമീപനമാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. സംസ്ഥാനത്തിന്റെ നട്ടെല്ലായ കാർഷിക മേഖല തകർച്ചയിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ജൂൺ മാസം മുതലുള്ള കാലഘട്ടങ്ങളിൽ പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് ആനുകൂല്യം കൊടുക്കാൻ കൃഷി ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞിട്ടില്ല. അവർക്ക് ആനുകൂല്യം ലഭ്യമാക്കണം. ഗവൺമെന്റ് അടുത്തകാലത്ത് പ്രഖ്യാപിച്ച പാക്കേജ് പദ്ധതി പരാജയമാണെന്ന് ഭരണപക്ഷത്തുള്ളവർപോലും സമ്മതിക്കുന്നു. കവുങ്ങ് കൃഷിക്കാരെ സഹായിക്കാൻ ഈ ഗവൺമെന്റ് ഒരു പൈസപോലും നീക്കിവച്ചിട്ടില്ല. എൻഡോസൾഫാന്റെ തിക്തഫലങ്ങൾമൂലം ദുരിതമനുഭവിക്കുന്ന കാസർകോഡ് ജില്ലയിലെ ജനങ്ങളെ സഹായിക്കാൻ ഗവൺമെന്റ് തയ്യാറാകണം. കേരളത്തിലെ സമ്പദ്ഘടനയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന ഒരു മേഖലയാണ് ക്ഷീര വ്യവസായം. കന്നുകാലി കൃഷിക്കാർക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തി അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾക്കുള്ള ക്വാളിറ്റി ഫീസ് 50,000 രൂപയാക്കി ഉയർത്തിയത് ക്ഷീരകർഷകർക്ക് ബുദ്ധിമുട്ട് ഉളവാക്കിയിരിക്കുന്നു. പട്ടികജാതി-പട്ടിക വർഗ്ഗത്തോട് ഏറ്റവും വലിയ അനീതിയാണ് ഈ ഗവൺമെന്റ് കാണിക്കുന്നത്. വിദ്യാഭ്യാസപരമായി ഇവരെ ഉയർത്തിക്കൊണ്ടു വന്നാൽ മാത്രമേ സാമ്പത്തികമായും സാമൂഹ്യമായും പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ. അവർക്ക് വിദ്യാഭ്യാസാ നുകൂല്യങ്ങളും ലംപ്സം ഗ്രാന്റും ഓണറേറിയവും കൊടുക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. കളത്തിൽ അബ്ദുള്ള:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ജൂൺ 12-ാം തീയതി നിയമസഭയിൽ വച്ച നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പിന്നോക്ക സമുദായങ്ങൾ ക്കുള്ള സംവരണത്തിലെ കമ്മിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ആ കമ്മി നികത്തുന്നതിന് 1961 ലെ ഗവണമെന്റ് കാണിച്ച മാതൃക ഈ സർക്കാരും കാണിക്കണം. ഓരോ സമുദായത്തിനും നരേന്ദ്രൻ കമ്മീഷൻ ചൂണ്ടിക്കാണിച്ച വേക്കൻസികളുടെ കാര്യത്തിൽ സ്പെഷ്യൽ റിക്രൂട്ടുമെന്റ് വേണം. അതുപോലെ പിന്നോക്ക വിഭാഗങ്ങൾക്ക് മതിയായ സംവരണം ഉറപ്പു വരുത്തണം. പാലക്കാട് ജില്ലയിൽ 300-ഓളം പട്ടികവർഗ്ഗക്കാരായ ആദിവാസികളെ സ്പെഷ്യൽ റിക്രൂട്ടുമെന്റു വഴി ഫോറസ്റ്റു ഗാർഡുമാരായി നിയമിക്കാനുള്ള ചതിത്രപ്രധാനമായ ദൗത്യം ആന്റണി സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുകയാണ്. 1995-ൽ അട്ടപ്പാടിയുടെ വികസനത്തിനുവേണ്ടി ജപ്പാന്റെ സഹായത്തോടെ ഒരു പദ്ധതി തയ്യാറാക്കിയെങ്കിലും അതിന്റെ ഗുണഫലങ്ങൾ അട്ടപ്പാടിയിലെ ആദിവാസികൾക്കും മലയോര കർഷകർക്കും ഇനിയും ലഭ്യമായിട്ടില്ല. അട്ടപ്പാടിയിലെ പട്ടിണി മരണത്തെക്കുറിച്ച് അന്വേഷണം നടത്തണം; ഇനിയുമിത് ആവർത്തിക്കാതിരിക്കാൻ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സൗജന്യറേഷൻ അനുവദിക്കണം. ആനയുടെ അക്രമങ്ങൾ തടയാൻ വ്യാപകമായി ഫെൻസിംഗ് ഏർപ്പെടുത്തണം. അട്ടപ്പാടിയിൽ മദ്യനിരോധനമുണ്ടെങ്കിലും അത് എഫക്ടീവാക്കാൻ കഴിഞ്ഞിട്ടില്ല. അട്ടപ്പാടിയിൽ ഈ മേഖലയ്ക്ക് അനുവദിക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴി

ക്കണം. സംസ്ഥാനത്ത് പച്ചക്കറിയുല്പാദനരംഗത്ത് എത്രമാത്രം മുന്നോട്ടുപോകാൻ കഴിഞ്ഞുവെന്നുള്ളതിനെക്കുറിച്ച് മോണിറ്ററിംഗ് നടത്തണം. ദീർഘകാലാടിസ്ഥാനത്തിൽ, ഷോർട്ട് ടേം ആന്റ് ലോംഗ് ടേം പ്രോസസ് ആവിഷ്ക്കരിച്ച് ഡിപ്പാർട്ടുമെന്റുകളിൽ സത്വര ശ്രദ്ധ ചെലുത്തിയെങ്കിൽ മാത്രമേ ശ്രദ്ധേയമായ മേഖലകൾ രക്ഷപ്പെടുകയുള്ളു.

ശ്രീ. തോമസ് ഉണ്ണിയാടൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നെല്ല്, തെങ്ങ് എന്നിവയെ ബാധിക്കുന്ന മാറാരോഗങ്ങളും വളത്തിന്റെയും കീടനാശിനിയുടെയും അമിതമായ വില വർദ്ധനവും അശാസ്ത്രീയമായ കൂലി വർദ്ധനവും കാരണം തേങ്ങയ്ക്കും നെല്ലിനും വിലയില്ലാതായിരിക്കുന്നു. നെൽക്കൃഷിയും നാളികേരക്കൃഷിയും തകർച്ചയെ നേരിടുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.കെ.ടി.യു.വിന്റെ നേതൃത്വത്തിൽ നടന്ന വെട്ടിനിരത്തൽ സമരം മൂലം കർഷകർക്ക് വളരെയേറെ കഷ്ടനഷ്ടങ്ങളുണ്ടായി. ഈ ഗവൺമെന്റ് കാർഷികമേഖലയിൽ നടപ്പിലാക്കിയ പാക്കേജ് പദ്ധതിയും കടാശ്വാസ നിയമവും നെല്ലുസംഭരണവുമെല്ലാം കർഷകരിൽ ഒരു പുതിയ ആത്മവിശ്വാസം ഉണ്ടാക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായകമായിട്ടുണ്ട്. ബയോടെക്നോളജി മേഖലയിലുണ്ടായിട്ടുള്ള പുരോഗതി കാർഷിക മേഖലയിൽ പരമാവധി പ്രയോജനപ്പെടുത്തണം. ഈ ഗവൺമെന്റ് 5000 രൂപ വരെയുള്ള കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച നടപടി സ്വാഗതാർഹമാണ്. നാളികേരം ഉപയോഗിച്ച് വൈവിദ്ധ്യമാർന്ന ഉൽപ്പന്നങ്ങളുണ്ടാക്കി കയറ്റി അയയ്ക്കണം. ഇളനീർ സംസ്ഥാനത്തിന്റ പാനീയമായി പ്രഖ്യാപിക്കണം.

ശ്രീ ഉമേഷ് ചള്ളിയിൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഒരു വർഷം കൊണ്ടു കാർഷികമേഖലയിൽ വളരെയേറെ നേട്ടങ്ങളുണ്ടാക്കി. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കർഷകരെ ദ്രോഹിക്കുന്ന നടപടികളാണ് സ്വീകരിച്ചിരുന്നത്. കാർഷികമേഖലയെ പുരോഗതിയിലേയ്ക്ക് നയിക്കാനുതകുന്ന പരിഷ്കാരങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കണം. പരമ്പരാഗത കാർഷികമേഖലയെ പുനരുദ്ധരിക്കത്തക്കരീതിയിലുള്ള പദ്ധതികളാവിഷ്കരിക്കണം. ടിഷ്യൂകൾച്ചർ മേഖല വികസിപ്പിക്കണം. കാർഷികോൽപ്പാദന – വിതരണ രംഗങ്ങളിൽ മാറ്റങ്ങളുണ്ടാക്കാനുള്ള നടപടികൾക്ക് ഈ ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ട്. കാർഷിക കടാശ്വാസ നിയമം കൊണ്ടുവന്നത് സ്വാഗതാർഹമാണ്. കാർഷികമേഖലയിൽ സാങ്കേതിക വിദ്യയും ബയോടെക്നോളജിയുമായി ബന്ധപ്പെട്ട വികസനപദ്ധതികളാവിഷ്കരിച്ച് വൈറ്റ് കോളേഴ്സിനെ കൃഷിയിലേയ്ക്കാകർഷിക്കണം. കഴിഞ്ഞ 22 വർഷമായി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന എൻഡോസൾഫാന്റെ പേരിൽ ഈ മന്ത്രിസഭയെ പ്രതിക്കൂട്ടിലാക്കുന്നത് ശരിയല്ല. ഈ ഗവൺമെന്റിന്റെ നടപടികളുടെ ഫലമായി പാൽ ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനും സാമൂഹ്യപുരോ ഗതിക്കും ഉതകുന്ന ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പറമ്പിക്കുളം, അട്ടപ്പാടി മേഖലകളിലെ പട്ടികവർഗ്ഗ വികസനപരിപാടികൾ കാര്യക്ഷമമാക്കണം. പട്ടികജാതി/പട്ടികവർഗ്ഗ ഭവനനിർമ്മാണ പദ്ധതിപ്രകാരമുള്ള തുക ഒരു ലക്ഷമാക്കി വർദ്ധിപ്പിക്കണം. ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി കൂടുതൽ ക്ഷേമപദ്ധതികൾ അടിയന്തിരമായി ആവിഷ്കരിച്ചു നടപ്പിലാക്കണം.

<u>ശ്രീ. എം.എ. വാഹീദ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്പെഷ്യൽ കമ്പോണന്റ് പ്ലാനിൽ പണം ഉണ്ടായിട്ടും പട്ടികജാതി–പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ വികസനപ്രവർത്തനങ്ങൾ നടത്തുന്നില്ല. തോന്നയ്ക്കൽ പട്ടികജാതി–പട്ടികവർഗ്ഗ സെറ്റിൽമെന്റ് കോളനിയുടെ പ്രവർത്തനം ഇതിനുദാഹരണമാണ്. 1972–ൽ 512 ഏക്കർ സ്ഥലത്തായി ആരംഭിച്ച പ്രസ്തുത കോളനിയിൽ 1000–ത്തിലധികം കുടുംബങ്ങൾ ഇപ്പോൾ താമസിക്കുന്നു. അവിടെ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്. കൃഷിഭൂമി തരിശായി കിടക്കുന്നു. അവിടത്തെ കർഷകത്തൊഴിലാളികൾ റവന്യൂ റിക്കവറി നടപടികൾക്ക് വിധേയരാകുന്നു. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എൽ.ഐ.സി.യുടെ സാമ്പത്തിക സഹായത്തോടെ ഒരു ഓവർഹെഡ്ഡ് ടാങ്ക് പണിയുന്നതിന് 19 സെന്റ് സ്ഥലം അനുവദിച്ചുകൊടുക്കുന്നില്ല. നഗരസഭാ സെക്രട്ടറിയായിരുന്നപ്പോൾ അഴിമതിയാരോപണ വിധേയനായ വ്യക്തിയേയാണ് പിന്നോക്ക വികസന കോർപ്പറേഷന്റെ എം.ഡി. ആയി നിയമിച്ചിരിക്കുന്നത്. പട്ടികജാതി വികസന വകുപ്പിനെ അടിമുടി അഴിച്ചു പണിത് അടിസ്ഥാന വർഗ്ഗത്തിന് ഗുണകരമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. വി. ബാലറാം:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുൻ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതമൂലം കാർഷികമേഖല തകർന്നുവെങ്കിലും ഈ ഗവണ്മെന്റിന്റെ കഴിഞ്ഞ ഒരു വർഷത്തെ ശ്രമഫലമായി ഈ രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു. റബ്ബർ,കാപ്പി, നാളികേരം, ഏലം അടയ്ക്ക തുടങ്ങിയ നാണ്യവിളകളുടെ വിലകൾ ഗണ്യമായി ഉയർന്നു. കൃഷിയിടങ്ങളുടെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു. 24 ലക്ഷം ഹെക്ടർ കൃഷിയിടങ്ങളും 18 ജലസേചനപദ്ധതികളുമുണ്ടായിട്ടും കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നില്ല. ജലസേചനപദ്ധതികൾ കാര്യക്ഷമമാക്കണം. മഴവെള്ളം സംഭരിച്ച് കൃഷിക്കുപയുക്തമാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം. സമഗ്രമായ ഭൂവിനിയോഗ നയം രൂപീകരിക്കണം. നെൽക്കൃഷിവികസനം സംബന്ധിച്ച് ഡോ. ശ്യാമസുന്ദരൻ നായരുടെയും പ്രൊഫ. എം.എസ്. സ്വാമിനാഥന്റെയും പഠന റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തുകയും ശുപാർശകൾ നടപ്പാക്കുകയും വേണം. രാസ–ജൈവ വളങ്ങളുടെ വില കുറയ്ക്കുന്നതോടൊപ്പംതന്നെ മുന്തിയ ഇനം വിത്തുകൾ വികസിപ്പിച്ചെടുത്ത് വിതരണം നടത്തുന്നതിനും നടപടികൾ സ്വീകരിക്കണം. കാർഷിക രംഗത്തേയ്ക്ക് ചെറുപ്പക്കാരെ ആകർഷിക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്ക്കരിക്കണം. കാർഷിക മേഖലയിൽ ചെറുകിട യന്ത്രങ്ങൾ വ്യാപകമാക്കുകയും കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടയുകയും ചെയ്യണം. കീടബാധകൾ തടയുന്നതിനും നശിപ്പിക്കുന്നതിനും ശാസ്ത്രീയമായ മാർഗ്ഗങ്ങൾ കണ്ടെത്തണം. സീസൺ ആരംഭിക്കുമ്പോൾത്തന്നെ കൊപ്രയ്ക്ക് തറവില നിശ്ചയിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തണം. ബയോ ടെക്നോളജിയുടേയും ടിഷ്യൂ കൾച്ചറിന്റെയും രംഗത്ത് സ്വകാര്യ പങ്കാളിത്തം ഉറപ്പുവരുത്തണം. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരെ പുനർവിന്യസിക്കുന്നതിനും കൃഷി ഭവനുകൾ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

<u>ശ്രീമതി രാധാ രാഘവൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗിരിജനങ്ങളുടെ വികാരങ്ങൾ മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണിത്. ഗിരിജനങ്ങൾക്കു വേണ്ടി ചെലവഴിക്കുന്ന തുകയുടെ പ്രയോജനം അവർക്ക് ലഭ്യമാകുന്നുണ്ടോ എന്നുള്ള കാര്യം പരിശോധിക്കണം. ഇവരെ ചൂഷണത്തിൽനിന്ന് രക്ഷിക്കുകയും ആരോഗ്യസംരക്ഷണ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും ചെയ്യണം. സ്വർണ്ണജയന്തി റോസ്ഗാർ യോജന, ഇന്ദിരാ ആവാസ് യോജന, ജവഹർ ആവാസ് യോജന തുടങ്ങിയ സാമൂഹ്യക്ഷേമ പദ്ധതികളുടെ പൂർണ്ണ പ്രയോജനം ആദിവാസികൾക്ക് ലഭ്യമാക്കണം. ട്രൈബൽ സബ് പ്ളാൻ പ്രകാരമുള്ള തുക ലാപ്സാക്കാതെ ആദിവാസികൾക്ക് ഗുണകരമായ രീതിയിൽ വിനിയോഗിക്കണം. ആദിവാസി കലകൾ പരിപോഷിപ്പിക്കണം. ഇവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കി ക്കൊടുക്കുകയും പട്ടിണിയിൽനിന്ന് രക്ഷിക്കുകയും ചെയ്യുന്നതോടൊപ്പം ഇവരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് പ്രത്യേക പരിഗണന കൊടുക്കുകയും ചെയ്യണം.

<u>ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ കാർഷിക-മൃഗസംരക്ഷണ-ക്ഷീരവ്യവസായ മേഖലകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കു ന്നതിന് ഈ ഗവൺമെന്റിന് കഴിഞ്ഞു. ഈ മേഖലകളിൽ നിലനിന്നിരുന്ന അഴിമതികൾ അവസാനിപ്പിച്ച് ഫലപ്രദമായ മാറ്റങ്ങളുണ്ടാക്കുന്നതിനുള്ള ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കണം. മൃഗസംരക്ഷണ രംഗത്ത് ഗുണനിലവാരമുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥന്മാരടങ്ങിയ ഒരു പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കണം. ബൊട്ടാണിക്കൽ വെറ്ററിനറി ആന്റ് ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കൂടുതൽ മരുന്നുകൾ ഉൽപ്പാദിപ്പിക്കണം. സ്പെഷ്യലൈസ്ഡ് പോസ്റ്റുകളിൽ യോഗ്യതയുള്ളവരെ നിയമിക്കണം. മൃഗസംരക്ഷണ മേഖലയ്ക്ക് ആവശ്യമായ മരുന്നുകൾ സർക്കാർ സ്ഥാപനങ്ങളിൽനിന്ന് നേരിട്ട് വാങ്ങണം. കുളമ്പുരോഗം, അകിടുവീക്കം തുടങ്ങിയവയുടെ പ്രതിരോധത്തിന് നടപടി സ്വീകരിക്കണം. ബ്രീഡിംഗ് സംവിധാനംകൊണ്ട് ഉദ്ദേശിച്ച പ്രയോജനം ക്ഷീരവ്യവസായ മേഖലയിൽ ലഭ്യമാക്കണം.

<u>ശ്രീ. എ.കെ. മണി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാര ത്തിൽ വന്നതിനുശേഷം ധാരാളം ക്ഷേമപദ്ധതികൾ നടപ്പിലാക്കി. വീടും കൃഷിഭൂമിയുമില്ലാത്ത ആയിരക്കണക്കിന് ആദിവാസികൾക്ക് കൃഷിഭൂമി പതിച്ചുനൽകുകയും പട്ടയം കൊടുക്കുക യുമുണ്ടായി. വനം വകുപ്പിൽ 300 ആദിവാസികൾക്ക് ജോലി നൽകി. വിദ്യാഭ്യാസ മേഖലയിൽ ഒട്ടേറെ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി. തിരുവനന്തപുരം, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളിലും കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിൽ ആരംഭിക്കാൻ പോകുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളിലും പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തോടെ പുതിയ കോഴ്സുകൾ നടപ്പിലാക്കുന്നതിന് 10 കോടി രൂപ നീക്കിവച്ചിട്ടുള്ളതും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച 21 എം.ആർ.എസ്സിൽ തമിഴർക്കായി ഒരെണ്ണം നീക്കിവച്ച നടപടിയും ശ്ലാഘനീയമാണ്. ഈ ഗവൺമെന്റ് അഞ്ചു മുതൽ എട്ടാം ക്ളാസ്സ് വരെയുള്ള

കുട്ടികൾക്ക് സൗജന്യമായി പുസ്തകങ്ങൾ വിതരണം ചെയ്തു. അട്ടപ്പാടി, ഇടുക്കി ജില്ലകളിലെ മാരക രോഗം ബാധിച്ച ആദിവാസികളുടെ ആരോഗ്യ പരിപാലനത്തിനായി 75 ശതമാനം കേന്ദ്ര സഹായത്തോടെയുള്ള പദ്ധതിക്കായി 120 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പട്ടികജാതി വകുപ്പു സെക്രട്ടറിയായി പട്ടികജാതിയിൽപെട്ട ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം. ആദിവാസി മേഖലയിൽ കുടുംബാസൂത്രണം കാര്യക്ഷമമായി നടപ്പിലാക്കണം. ആദിവാസികളുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കണം. മൂന്നാറിൽ ഒരു യൂത്ത് ഹോസ്റ്റൽ പണിയുന്ന തിനുള്ള നടപടി സ്വീകരിക്കണം. ടി.എസ്.പി/എസ്.സി.പി. ഫണ്ടുകൾ ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോയെന്നതിനെ സംബന്ധിച്ച് റിവ്യൂ നടത്തണം. ട്രൈബൽ ഏരിയയിൽ വികസന പദ്ധതികൾ നടപ്പിലാക്കണം.

<u>ശ്രീ. സി.കെ. നാണു</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷികമേഖലയ്ക്ക് വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ് വൈദ്യുതി. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കാർഷിക മേഖലയിൽ ഏർപ്പെടുത്തിയിരുന്ന പല സബ്സിഡികളും പിൻവലിക്കുകയാണെങ്കിൽ കാർഷിക മേഖലയെ തകർച്ചയിലേയ്ക്ക് നയിക്കും. മറ്റേത് സംസ്ഥാനത്തേക്കാളും സുഗന്ധദ്രവ്യങ്ങൾ കൂടുതലുള്ള കേരളത്തിൽ അതുപയോഗിച്ച് കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാൻ കഴിയും. ഇക്കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം.

<u>ഡോ. കെ.സി. ജോസഫ് :</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭരണകക്ഷി അംഗങ്ങൾ കാർഷികമേഖലയെക്കുറിച്ച് വാചാലമായി സംസാരിക്കുന്നുണ്ടെങ്കിലും കാർഷികമേഖല ഇന്ന് വൻതകർച്ചയെ നേരിടുകയാണ്. ഒരു മേഖലയിലും വികസനമുണ്ടാക്കൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ലോകവ്യാപാര കരാറിന്റെ അടിസ്ഥാനത്തിൽ വിപണിയിലുണ്ടാകുന്ന ഏറ്റക്കുറ ച്ചിലിനെ ആശ്രയിച്ചാണ് വിലവർദ്ധനവും വിലക്കുറവുമുണ്ടാകുന്നത്. കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്താനാവശ്യമായ പ്രവർത്തനങ്ങളുണ്ടാകണം. ഉല്പാദന-വിപണന-സംസ്ക്കരണ രംഗത്ത് പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തണം. സംസ്ഥാനാടിസ്ഥാനത്തിൽ നെൽക്കൃഷി ഓറിയന്റഡ് പദ്ധതിക്ക് ചെലവാക്കിയിരുന്ന തുക ഇന്ന് ചെലവാക്കുന്നില്ല. ആ പ്രത്യേക പദ്ധതിക്ക് രൂപം നൽകാൻ ഗവൺമെന്റ് തയ്യാറാകുകയും അതിനുവേണ്ടി പദ്ധതി ആസൂത്രണം ചെയ്യുകയും തുക വകയിരുത്തുകയും ചെയ്യണം. കൃഷിക്കാരെ സഹായിക്കാൻവേണ്ടി ആവിഷ്ക്കരിച്ച പാക്കേജ് പദ്ധതി നടപ്പാക്കാനും കുടിശ്ശിക നൽകാനും കാർഷികമേഖലയെ തകർച്ചയിൽനിന്ന് രക്ഷിക്കാനും ഗവൺമെന്റ് തയ്യാറാകണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷികമേഖല വളരെയേറെ പ്രതിസന്ധി നേരിടുന്ന കാലഘട്ടമാണിത്. 'മിൽമ'-യെ അമേരിക്കയിലെ സ്വകാര്യ കമ്പനിക്ക് വില്ക്കാൻ ശ്രമിക്കുന്നു. മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ക്ഷേമപ്രവർ ത്തനങ്ങളെ ഈ ഗവൺമെന്റ് തകിടം മറിച്ചിരിക്കുകയാണ്. എസ്.സി./എസ്.ടി. വകുപ്പ് കുത്തഴിഞ്ഞ പുസ്തകം പോലെയായിരിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഈ വകുപ്പിൽ ക്ഷേമകരവും പുരോഗമനപരവുമായ പ്രവർത്തനങ്ങളാണ് നടത്തിയിരുന്നത്. ഇന്ന്

പട്ടികജാതി ഹോസ്റ്റലുകളിൽ കുടിവെള്ളമോ വൈദ്യുതിയോ ഡ്രെയിനേജ് സൗകര്യമോ ഇല്ലാതെ
വിദ്യാർത്ഥികൾ ബുദ്ധിമുട്ടുന്നു. ആ വകുപ്പ് നല്ല രീതിയിൽ കൈകാര്യം ചെയ്യാനുള്ള ധാർമ്മിക മായ ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് വീട് വയ്ക്കാൻ നൽകുന്ന തുക ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കണം.

<u>ശ്രീ. യു.സി. രാമൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിദ്യാഭ്യാസരംഗത്ത് എസ്.സി./എസ്ടി. വിദ്യാർത്ഥികൾക്ക് ഒട്ടേറെ ആനുകൂല്യങ്ങൾ നൽകാൻ ഈ ഗവൺമെന്റ് ശ്രമം നടത്തുന്നുണ്ട്. കുന്നമംഗലത്തെ ഐ.ഐ.എം.–ൽ പ്രവർത്തനമാരംഭിക്കുന്ന സെന്റർ ഓഫ് എക്സലൻസിനുവേണ്ടി 500 ലക്ഷം രൂപ മാറ്റിവച്ചത് സ്വാഗതാർഹമാണ്. ടി.എസ്.പി./എസ്.സി.പി. ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നത് കർശനമായി തടയുകയും കുറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. പൊതുമേഖലാസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ എസ്.സി./എസ്.ടി.–യുടെ പ്രാതിനിധ്യക്കുറവ് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. ബിനാമി ഇടപാടിൽ പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുക്കുന്നവരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കണം. സ്വകാര്യ മാനേജുമെന്റിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അഡ്മിഷനിൽ പട്ടികജാതി–പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നില്ലെന്ന പരാതിക്ക് പരിഹാരം കാണണം. എസ്.സി / എസ്.ടി വിഭാഗങ്ങൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് ഇവർക്കിടയിൽ ആവശ്യമായ ബോധവൽക്കരണം നടത്തണം. ആദിവാസികൾക്ക് സ്വന്തമായി ഒരു ഏക്കർ മുതൽ അഞ്ചു ഏക്കർ വരെ ഭൂമി നൽകിയ നടപടി അഭിനന്ദനാർഹമാണ്. ഇവർക്ക് വീട് നിർമ്മിക്കുന്നതിന് നൽകുന്ന തുക വർദ്ധിപ്പിക്കണം. എസ്.സി/എസ്.ടി. ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ലോൺ എടുത്ത് വീട് നിർമ്മിച്ചവർ ലോൺ അടയ്ക്കാത്തതിന്റെ പേരിൽ ജപ്തി നടപടികളെ നേരിടുകയാണ്. അവരുടെ ലോൺ എഴുതിത്തള്ളണം. ഈ കോർപ്പറേഷനിൽ നിന്നും ലോണും മാർജിൻ മണിയും ലഭ്യമാക്കി വാഹനങ്ങൾ വാങ്ങുകയും മറ്റു സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തവർ ലോൺ അടയ്ക്കാത്തതിന്റെ പേരിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നു. ഇവരിൽനിന്നും പിടിച്ചെടുത്ത വാഹനങ്ങൾ നശിക്കാതെ സമയബന്ധിതമായി ലേലം ചെയ്ത് പണം സ്വരൂപിക്കാനും ലോണിന് പലിശ ഇളവ് നൽകാനും നടപടി സ്വീകരിക്കണം. ഇത്തരം വായ്പ നൽകുമ്പോൾ ഈ വാഹനങ്ങളും സ്ഥലവും ഈടായി സ്വീകരിക്കാൻ തയ്യാറാകണം. വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കി ജോലി സമ്പാദിക്കുന്ന ആളുകളെ കണ്ടെത്തുകയും ആ സർട്ടിഫിക്കറ്റുകൾ നൽകുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്യണം.

<u>ശ്രീ. പി. പി. ജോർജ് :</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക കടാശ്വാസ നിയമം പാസ്സാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നത് അഭിനന്ദനാർഹമാണ്. കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് കാർഷിക മേഖലയുടെ പുരോഗതിക്ക് യാതൊന്നും ചെയ്തില്ല. കൃഷി ഭൂമിയുടെ വിസ്തൃതിയും ഉൽപ്പാദനവും ഗണ്യമായി കുറഞ്ഞു. കേരളത്തിലെ

കർഷകർക്ക് ഈ ഗവൺമെന്റിന്റെ പ്രവർത്തനഫലമായി കണ്ണുനീർ കുടിക്കേണ്ട അവസ്ഥ ഉണ്ടാവുകയില്ല. കൃഷിക്കാരുടെ വോട്ടുനേടി അധികാരത്തിൽ വന്ന ഗവൺമെന്റ് കൂടുതൽ ഉത്തരവാദിത്വ ത്തോടുകൂടി പ്രവർത്തിക്കാൻ തയ്യാറാകണം. നെൽകൃഷി ആദായകരമാക്കാനുപയുക്തമായ സൗകര്യങ്ങൾ കർഷകർക്ക് ചെയ്തു കൊടുക്കണം. ഇറിഗേഷൻ, റോഡ്, ഗോഡൗൺ, ആധുനിക യന്ത്രോപകരണങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ അവർക്ക് ലഭ്യമാക്കണം. പ്രൈംമിനിസ്റ്റേഴ്സ് ഫണ്ടിൽ നിന്നും അനുവദിച്ച തുകയിൽ വിനിയോഗിക്കാൻ കഴിയാത്ത അഞ്ചുകോടി രൂപ ചെലവഴിക്കണം. അഗ്രിക്കൾച്ചർ ഷെയർ ടു സ്റ്റേറ്റ് ഇൻകം 21 ശതമാനം എന്നത് വർദ്ധിപ്പിക്കാൻ ശ്രമിക്കണം. അമിത പ്രാധാന്യം നൽകി ഐ.ടി. മേഖല വികസിപ്പിക്കുന്ന സർക്കാർ കൃഷി പ്രോത്സാഹിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. നാളീകേരത്തിന്റെ ബൈ പ്രോഡക്ട്സ് ഉൽപ്പാദനം വികസിപ്പിച്ചുകൊണ്ട് നാളീകേര കൃഷിയിൽ കർഷകരെ ആകർഷിക്കാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കണം. ഇതിനായി സി.സി.ഡി.പി. പ്രകാരം അനുവദിച്ച തുകയിൽ ബാക്കിയുണ്ടായിരുന്ന 8 കോടി രൂപ വിനിയോഗിക്കണം. ഗവൺമെന്റ് സ്വീകരിച്ച നയസമീപനങ്ങളുടെ ഫലമായി നാളീകേരം, റബ്ബർ, കുരുമുളക്, എന്നിവയുടെ വിലയിടിവ് ഒരു പരിധിവരെ പിടിച്ചുനിർത്താൻ കഴിഞ്ഞു. സംഭരണ സിസ്റ്റം മെച്ചപ്പെടുത്തിയും ഡൈവേഴ്സിഫിക്കേഷൻ യാഥാർത്ഥ്യമാക്കിയും ആഗോളവൽക്കരണത്തിന്റെ ദൂഷ്യവശങ്ങൾ ബാധിക്കാതെയും കാർഷിക മേഖലയെ പുരോഗതിയിലേയ്ക്ക് നയിക്കണം. കാർഷിക മേഖലയിൽ മറ്റ് മേഖലകളിൽ എന്നപോലെ സ്വകാര്യ മുതൽമുടക്ക് പ്രോത്സാഹിപ്പിക്കണം; ഏത് കൃഷി സ്വീകരിക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശം കർഷകർക്ക് നൽകണം. അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയെ ശക്തിപ്പെടുത്തണം. ജൈവവള ഉപയോഗം പ്രോത്സാഹിപ്പിക്കണം. ലൈവ് സ്റ്റോക്ക്, അഗ്രിക്കൾച്ചർ, ഫിഷറീസ് എന്നിവ സംയോജിപ്പിച്ച് ഇന്റഗ്രേറ്റഡ് കൃഷി സമ്പ്രദായം നടപ്പിലാക്കണം. ഫാം ടൂറിസത്തിന് പ്രാധാന്യം നൽകണം. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. പത്രമാധ്യമങ്ങൾ വഴിയും ദൃശ്യമാധ്യമങ്ങൾ വഴിയും ആൾ ഇൻഡ്യാ റേഡിയോ വഴിയും കർഷകരെ ബോധവൽക്കരിക്കണം. കേരള കർഷകൻ എന്ന വാരികയുടെ പ്രതികളുടെ എണ്ണം ഒരു ലക്ഷമായി ഉയർത്തിക്കൊണ്ട് അത് വ്യാപകമാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. വി. കെ. ചന്ദ്രൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ വർഷം പട്ടികജാതി–പട്ടികവർഗ്ഗ വികസന വകുപ്പിന് 454.4 കോടി രൂപയുടെ ധനാഭ്യർത്ഥന പാസ്സാക്കിയെങ്കിലും ഈ ഗവൺമെന്റിന് ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് ഈ മേഖലയിൽ പാർപ്പിടം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ പ്രശംസാർഹമായ നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. എന്നാൽ ഈ ഗവൺമെന്റ് ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസത്തിനായി നീക്കിവച്ച 92 കോടി രൂപയിൽ 60 കോടി രൂപ ചെലവഴിക്കാതെ വകമാറി ചെലവഴിക്കുകയാണു ണ്ടായത്. പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സ്റ്റൈപെൻഡ്, ലംപ്സം ഗ്രാന്റ്, ചികിത്സാ ഫീസ് എന്നിവ ലഭിക്കാതെ ബുദ്ധിമുട്ടുകയാണ്. എൽ. ഡി. എഫ്. ഗവൺമെന്റ് ആരംഭിച്ച വെള്ളിയാനിയിലെ സ്പോർട്ട്സ് കോംപ്ലക്സും പാരാമെഡിക്കൽ കോളേജ് ഹോസ്റ്റലും ഈ ഗവൺമെന്റിന്റെ നേട്ടമാണെന്ന് അവകാശപ്പെടുന്നത് അപഹാസ്യമാണ്. എസ്. സി. പി. ഫണ്ട്

ഈ ഗവൺമെന്റ് വകമാറി ചെലവഴിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പാവപ്പെട്ട പട്ടികജാതി– പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ചെലവഴിക്കേണ്ട എസ്.സി.പി.ഫണ്ട് തിരിച്ചടയ്ക്കാൻ ഉത്തരവായിരിക്കുന്നു. അട്രോസിറ്റീസ് ആക്ടനുസരിച്ച് ശിക്ഷിക്കപ്പെട്ട് പ്രയാസം അനുഭവിക്കേണ്ട വർക്കു കൊടുക്കേണ്ട പണവും ഇപ്പോൾ കൊടുക്കുന്നില്ല . ആദിവാസികളുടെ ക്ഷേമത്തിനു വേണ്ടിയുള്ള ആദിവാസി മിഷന് അഞ്ചുകോടി രൂപ കൊടുക്കുമെന്ന് പ്രഖ്യാപിച്ചിട്ട് 50 ലക്ഷം രൂപ മാത്രമാണ് കൊടുത്തത്. ആദിവാസികൾ നടത്തിയ സമരത്തെ തകർക്കാനുള്ള നടപടികളാണ് ഗവണ്മെന്റ് സ്വീകരിച്ചത് . 2002 ജനുവരിയിൽ ആദിവാസികൾക്ക് ഭൂമി കൊടുക്കുമെന്നു പറഞ്ഞിട്ട് ഇതുവരെയും കൊടുത്തില്ല. വനഭൂമി വിട്ടുകിട്ടണമെങ്കിൽ പകരം ഭൂമിയിൽ വനം വച്ചുപിടിപ്പിക്കാനുള്ള പ്രോജക്ട് സമർപ്പിക്കണമെന്ന കേന്ദ്രസർക്കാരിന്റെ നിബന്ധന പാലിച്ചിട്ടില്ല. വനഭൂമി ലഭിച്ചില്ലെങ്കിൽ റവന്യൂ ഭൂമി ആദിവാസികൾക്കായി വിട്ടുകൊടുക്കുകയില്ല എന്ന നിലപാടാണ് സംസ്ഥാന റവന്യൂവകുപ്പ് കൈക്കൊണ്ടിട്ടുള്ളത്. ക്ഷീരകർഷകർക്ക് പാലിന് ന്യായമായ വില കിട്ടുന്നില്ല. മിൽമയെ ബഹുരാഷ്ട്ര കുത്തകയ്ക്ക് വിൽക്കാനുള്ള ശ്രമം നടന്നുവരുന്നു. പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണാനുകൂല്യങ്ങൾ ലഭിച്ചിരുന്ന സ്ഥാപനങ്ങളെ സ്വകാര്യമേഖലയ്ക്ക് തീറെഴുതുകയാണ്. പിന്നോക്കക്കാർക്ക് സ്വകാര്യമേഖലയിലും സംവരണം ലഭിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തണം. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അഡ്മിഷന് സംവരണാനുകൂല്യം ലഭിക്കുന്നതിനുള്ള വരുമാന പരിധി രണ്ടര ലക്ഷം രൂപയായി ഉയർത്തിയത് പാവപ്പെട്ടവരെ സഹായിക്കാനല്ല .

പിന്നോക്ക–പട്ടിക സമുദായക്ഷേമവകുപ്പുമന്ത്രി (ഡോ. എം.എ. കുട്ടപ്പൻ): ഇരുപക്ഷത്തു നിന്നും ഉയർന്നുവന്ന ക്രിയാത്മകമായ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും നന്ദി പറയുന്നു. വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് കുടിശ്ശിക പരിപൂർണ്ണമായി കൊടുത്തു തീർക്കുന്നതാണ്. ബഡ്ജറ്റ് പ്രൊവിഷനിൽ തികയാതെ വരുന്ന തുക സപ്ലിമെന്ററി ഡിമാന്റായി കൊണ്ടുവന്ന് മുഴുവൻ ലംപ്സം ഗ്രാന്റ് കുടിശ്ശികയും സ്റ്റൈപെൻഡും കൊടുത്തുതീർക്കും. പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടി 24.43 കോടി രൂപയും ഒ.ഇ.സി., ഒ..ബി.സി. വിദ്യാർത്ഥികൾക്ക് 13 കോടി രൂപയും പട്ടിക വർഗ്ഗക്കാർക്കുവേണ്ടി 2.2 കോടി രൂപയും 2002 ജൂൺ മാസത്തിൽ കൊടുത്തു കഴിഞ്ഞു. പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സെൽഫ് ഫൈനാൻസിംഗ് കോഴ്സുകൾക്ക് പേമെന്റ് സീറ്റിൽ പത്തുശതമാനം സംവരണം അനുവദിച്ചത് ഗവൺമെന്റിന് വൻപിച്ച ബാദ്ധ്യത വരുന്നതുകൊണ്ട് അതിനെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം പിന്നോക്കക്കാർക്ക് നിയമനങ്ങളിൽ വന്നിട്ടുള്ള കുറവ് നികത്താൻ നടപടിയെടുക്കും. ഇതിനായി വിവിധ രാഷ്ട്രീയ പാർട്ടികളുമായും നിയമസഭാംഗങ്ങളുമായും ചർച്ച നടത്തും. അട്ടപ്പാടി ട്രൈബൽ മേഖലയിൽ ചാരായം ഒഴുകുന്നതും കഞ്ചാവ് വളരുന്നതും യാഥാർത്ഥ്യമാണ്. നിയമംകൊണ്ടുമാത്രം ഇതു തടയാനാവില്ല. ബോധവൽക്കരണവും ചികിത്സയും ആവശ്യമാണ്. പട്ടികവർഗ്ഗക്കാർക്ക് കൊടുക്കുന്ന സൗജന്യറേഷൻ പട്ടികജാതിക്കാർക്കുകൂടി കൊടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. തോന്നയ്ക്കൽ എസ്. സി. കോളനിയിൽ വാട്ടർ ടാങ്ക് നിർമ്മിക്കാൻ സ്ഥലം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. എസ്. സി. പി. ഫണ്ടിന്റെ മൂന്നിൽ രണ്ടു ഭാഗവും പഞ്ചായത്തുകൾക്ക് അനുവദിച്ചുവെങ്കിലും പ്ലാൻ

സ്കീമായതിനാലാണ് ചെലവഴിക്കാൻ കഴിയാതിരുന്നത്. ആദിവാസികളുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി കേന്ദ്ര സംസ്ഥാന

ഗവൺമെന്റുകൾ കോടിക്കണക്കിന് രൂപ ചെലവഴിച്ചതിന്റെ ഫലമായി വിദ്യാഭ്യാസ മേഖലയിൽ അത്ഭുതാവഹമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സാമ്പത്തിക പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനോടകം കേരളത്തിൽ 23 മോഡൽ റെസിഡൻഷ്യൽ സ്ക്കൂളുകൾ ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്ത് ആദ്യമായി ആദിവാസി കുട്ടികൾക്ക് വേണ്ടി സി. ബി. എസ്. ഇ. സിലബസ്സ് ഉൾപ്പെടെ തിരുവനന്തപുരത്തും വയനാട്ടിലും പ്ലസ് ടു ആരംഭിച്ചു. തിരുവനന്തപുരത്ത് കട്ടേല റസിഡൻഷ്യൽ മോഡൽ സ്ക്കൂളിന് +2 ന് നൂറു ശതമാനം വിജയം കൈവരിക്കാൻ കഴിഞ്ഞത് അഭിമാനാർഹമാണ്. അതിന്റെ നിലവാരം കുറെക്കൂടി മെച്ചപ്പെടുത്താൻ നടപടിയെടുക്കും. എസ്.സി/എസ്.ടി വകുപ്പിന്റെ കീഴിലുള്ള പതിനെട്ട് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും 95 പ്രീ മെട്രിക് ഹോസ്റ്റലുകളും ബ്ലോക്ക് പഞ്ചായത്തുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഈ ഹോസ്റ്റലുകളുടെ സ്ഥിതി മെച്ചപ്പെടുത്താൻ നോൺ പ്ലാനിൽ ഫണ്ട് അനുവദിക്കുന്ന കാര്യം ഗൗരവമായി ആലോചിക്കും. പ്രീമെട്രിക് ഹോസ്റ്റലുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകളാണ് പ്രീമെട്രിക് ഹോസ്റ്റലുകൾ പണിയേണ്ടത്. ട്രൈബൽ പോസ്റ്റ് മെട്രിക് സ്ക്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ പണിയുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കും. അയ്യൻകാളി ടാലന്റ് സെർച്ച് സ്കീം എന്നൊരു പദ്ധതി ഈ വർഷം ആരംഭിക്കുന്നതാണ്. അഞ്ചാം ക്ളാസ് മുതൽ എസ്. സി. യിലും എസ് . ടി. യിലുംപെട്ട മിടുക്കരായ കുട്ടികളെ കണ്ടെത്തി അവർക്ക് നിശ്ചിത തുക സ്റ്റൈപെൻഡ് കൊടുക്കുന്ന പദ്ധതിയാണിത്. ഈ വർഷം സ്പോർട്ട്സ് ഹോസ്റ്റലിന്റെ പണി പൂർത്തിയാക്കി അഡ്മിഷൻ ആരംഭിച്ചുകഴിഞ്ഞു. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും പട്ടികജാതിക്കാരുടെ സാംപത്തികോന്നമനത്തിനുവേണ്ടി ഒട്ടേറെ സ്കീമുകൾ ആരംഭിച്ചുവെങ്കിലും അതുകൊണ്ടൊന്നും ഈ വിഭാഗത്തിന് സാംപത്തിക വളർച്ചയുണ്ടായില്ലെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. ഈ വർഷം ഡിപ്പാർട്ടുമെന്റിന്റെ കൈവശം വന്നുചേരുന്ന 125 കോടി രൂപയിൽനിന്നും ഡിപ്പാർട്ടുമെന്റിന്റെ വിവിധ സ്കീമുകൾ നടപ്പിലാക്കുന്നതോടൊപ്പം 72 കോടി രൂപയുടെ ഒരു കോർപ്പസ് ഫണ്ട് ഉണ്ടാക്കാൻ പോകുകയാണ്. അതിന്റെ പ്രധാനപ്പെട്ട ഒരു സ്കീം ഡിപ്പാർട്ടുമെന്റ് മുൻകൈയെടുത്ത് മിക്കവാറുമുള്ള ജില്ലാകേന്ദ്രങ്ങളിൽ ഷോപ്പിംങ് കോംപ്ളക്സുകൾ പണിത് പട്ടികജാതിക്കാർക്ക് വാടകയ്ക്ക് കൊടുക്കുകയെന്നതാണ്. അതുപോലെതന്നെ 5 കോർപ്പറേഷൻ അതിർത്തിയിലും വീടുകളില്ലാത്ത പട്ടികജാതിക്കാർക്ക് ഫ്ളാറ്റുകൾ പണിതുകൊടുക്കാനുള്ള തീരുമാനവുമെടുത്തിട്ടുണ്ട്. കൂടാതെ കേരളത്തിലെ രണ്ടു ജില്ലകളില്ലായി 560 കുടുംബങ്ങൾക്ക് 1258.22 ഏക്കർ ഭൂമി ഇതിനോടകം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത ആദിവാസികൾക്ക് സെപ്തംബർ ആദ്യവാരം മുതൽ ഫസ്റ്റ് ഫെയ്സായി ഭൂമി വിതരണം നടത്താൻ പോകുകയാണ്. അങ്ങനെ സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന ആദിവാസികളുടേയും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടേയും സാമൂഹ്യ സാംപത്തിക രംഗത്തെ കഷ്ടപ്പാടും ദുരിതവും മാറ്റാനുള്ള കഠിനശ്രമവുമായി ഈ ഗവൺമെന്റ് മുൻപോട്ടുപോകുകയാണ്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, ഓർഫനേജ് ഗ്രാന്റ് തുടങ്ങിയവയുടെ രണ്ടു വർഷത്തെ കുടിശിക കൊടുത്തുതീർത്തു. റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അക്രെഡിറ്റേഷൻ ആന്റ് അസസ്മെന്റ് കമ്മിറ്റി, സെന്റർ ഫോർ എക്സെലന്റ് ആയി തെരഞ്ഞെടുത്ത ആറു കേന്ദ്രങ്ങളിലൊന്നായ തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്, സ്പീച്ച് ആന്റ് ഹിയറിംഗ് കോഴ്സ് ഈ അദ്ധ്യയന വർഷം ആരംഭിക്കാൻ പോകുകയാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്ക് തൊഴിൽ കണ്ടെത്താൻ വനിതാ വികസന കോർപ്പറേഷൻ മൂന്നു കോടി നാൽപ്പത്തിയാറു ലക്ഷം രൂപ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു. സ്റ്റേറ്റ് കമ്മിഷൻ ഫോർ പേഴ്സൺസ് വിത്ത് ഡിസേബിലിറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തിലെ 14 ജില്ലകളിലും വികലാംഗരുടെ പരാതികൾ പരിഹരിക്കാൻ വിപുലമായ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അവർക്ക് ഐഡന്റിറ്റി കാർഡ് കൊടുക്കുന്നതിനുള്ള സംവിധാനവുമുണ്ടാക്കും. ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് കൊടുത്തുകൊണ്ടിരുന്ന 600 രൂപ 900 രൂപയായി വർദ്ധിപ്പിച്ചു. വൃദ്ധ ജനങ്ങൾക്കായുള്ള പകൽവീട് സംവിധാനം എല്ലാ ജില്ലകളിലും ഏർപ്പെടുത്തി. പുതിയ വൃദ്ധനയം പ്രഖ്യാപിക്കും. ദുർബല ജനവിഭാഗങ്ങൾക്ക് സഹായമെത്തിക്കുന്നതിന് ഗവൺമെന്റ് മുൻഗണന നൽകും.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സ്റ്റേറ്റ് സെക്ടറിലും സെൻട്രൽ സെക്ടറിലുമായി ഈ സാംപത്തിക വർഷം കൃഷി വകുപ്പിന് 103 കോടി 73 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൽപ്പന്നങ്ങളുടെ വിലക്കുറവും രോഗബാധയും കാരണം കേരളത്തിലെ കൃഷിക്കാർ ഇന്ന് വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. നെൽക്കൃഷി വികസനത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 3711.80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 1969-ൽ ഏതാണ്ട് 12 ലക്ഷം ടൺ അരി ഉൽപ്പാദിപ്പിച്ചിരുന്നുവെങ്കിൽ ഇന്ന് അത് 5 ലക്ഷം ടണ്ണായി കുറഞ്ഞിരിക്കുന്നുവെന്നാണ് ഗവൺമെന്റിന്റെ കണക്കുകൾ തെളിയിക്കുന്നത്. നെൽക്കൃഷി ലാഭകരമാക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ആരുമായും ചർച്ച ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാണ്. തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി ആയിരം ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉൽപ്പാദനക്ഷമതയില്ലാത്തതും രോഗാധിക്യമുള്ളതുമായ തെങ്ങുകൾ വെട്ടിമാറ്റി രോഗപ്രതിരോധശക്തിയുള്ള തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി 5 വർഷംകൊണ്ട് നടപ്പിലാക്കത്തക്കരീതിയിൽ 360 കോടി രൂപയുടെ ഒരു പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിക്കുന്നത് നിരോധിക്കാൻ പെസ്റ്റിസൈഡ്സ് ആക്ടിന്റെ സെക്ഷൻ 27 പ്രകാരം കേന്ദ്ര ഗവൺമെന്റിനുമാത്രമേ അധികാരമുള്ളൂ. സംസ്ഥാന ഗവൺമെന്റ് മൂന്നു മാസത്തേക്ക് സ്റേറ കൊടുത്തു. രോഗപ്രതിരോധശക്തിയുള്ള നല്ലയിനം കുരുമുളക് വള്ളികൾ ഉല്പാദിപ്പിക്കുന്നതാണ്. ഇപ്രാവശ്യം 400 ലക്ഷം രൂപയും മറ്റു സുഗന്ധവിളകൾ കൂടുതലായി ഉല്പാദിപ്പിക്കുന്നതിനും വേണ്ടി 100 ലക്ഷം രൂപയും പച്ചക്കറി കൃഷിക്കുവേണ്ടി ഏതാണ്ട് 505 ലക്ഷം രൂപയും ഫലവർഗ്ഗങ്ങൾക്ക് ഹെക്ടർ ഒന്നിന് 15000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന്

100 ലക്ഷം രൂപയും 5480 ഹെക്ടർ പ്രദേശത്ത് നേന്ത്രവാഴക്കൃഷിയും കൈതച്ചക്ക കൃഷിയും പ്രോൽസാഹിപ്പിക്കാൻ 100 ലക്ഷം രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. യന്ത്രവത്കരണ കൃഷി നടത്തുന്നതിനും യൂറോപ്യൻ യൂണിയന്റെ സഹായത്തോടുകൂടിയുള്ള വിപണന പദ്ധതി നടപ്പിലാക്കുന്നതിനും വേണ്ടി 135 ലക്ഷം രൂപയും കാർഷിക യന്ത്രവത്കരണത്തിന് 200 ലക്ഷം രൂപയും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഒറ്റക്കൃഷി എന്നുള്ളത് മാറ്റി ഇടവിള എന്ന പഴയ സമ്പ്രദായത്തിലേയ്ക്ക് പോകുകയാണ്. പ്രൊഡക്ടിവിറ്റി വർദ്ധിപ്പിക്കാൻ വേണ്ടി പുതിയ ഇനം വിത്തുകൾ കണ്ടുപിടിക്കാം.

(കൃഷിയും കയറും വകുപ്പുമന്ത്രിക്ക് മറുപടി പ്രസംഗത്തിന് കൂടുതൽ സമയം അനുവദിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭ ബഹിഷ്കരിച്ചു.)

നെല്ല് സംഭരണത്തിനും ഓണക്കാലത്ത് ന്യായമായ വിലയ്ക്ക് പച്ചക്കറി വിതരണം ചെയ്യാനും ഈ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്. യൂറോപ്യൻ യൂണിയന്റെ സഹായത്തോടുകൂടി പണി ചെയ്ത ആറു മാർക്കറ്റുകളിൽ ഒന്നുപോലും നടത്താൻ കഴിഞ്ഞിട്ടില്ല. എൻ.ഡി.ഡി.ബി.യുടെ മാർക്കറ്റുകൾ നടക്കുന്നതുപോലെ ബാക്കിയുള്ള മാർക്കറ്റുകൾ എങ്ങനെ നടത്താമെന്നതിനെപ്പറ്റി അടുത്തുതന്നെ ഒരു റിപ്പോർട്ട് ലഭിക്കും. ഒരു പരീക്ഷണം എന്നുള്ള നിലയിൽ ഒന്ന് നടത്തിയത് മൂവാറ്റുപുഴയിലാണ്. അത് നടന്നില്ല. കാർഷിക വകുപ്പ് റി–സ്ട്രക്ച്ചർ ചെയ്യുന്നതിന് ഉത്തരവ് ഇറക്കിക്കഴിഞ്ഞു. ക്ളാർക്കിന്റെ പണി മാത്രം ചെയ്യുന്ന ഒരു ഡിപ്പാർട്ടുമെന്റായി കൃഷി വകുപ്പ് അധഃപതിച്ചിരിക്കുകയാണ്. മണ്ണിന്റെ ഉപയോഗം വച്ചുകൊണ്ട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തുവരികയാണ്. അമേരിക്കൻ കമ്പനിക്ക് മിൽമ വിൽക്കാൻ ഗവൺമെന്റോ, മിൽമയോ, ജെ.എസ്.എസ്സോ തീരുമാനമെടുത്തിട്ടില്ല. എൻ.ഡി. ഡി.ബി.യും ഇവിടുത്തെ മിൽമ യൂണിയനും സംയുക്തമായി മാർക്കറ്റിംഗ് സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കാൻ ആലോചിക്കുന്നുണ്ട്. അവർ 35 കോടി രൂപയുടെ സഹായം ചെയ്തു കൊടുക്കും. ഒരു ലക്ഷം സ്ത്രീകൾക്ക് തൊഴിൽ കൊടുക്കുന്ന സ്കീമും അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിൽ വരുന്നുണ്ട്. കാർഷിക മേഖല പുനരുദ്ധരിക്കുന്നതിനും ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് വിസിറ്റിംഗ് വിജ്ഞാനം കൃഷിക്കാർക്കു കിട്ടത്തക്കവിധത്തിലുള്ള ഒരു ഡിപ്പാർട്ടുമെന്റായി കൃഷി വകുപ്പിനെ മാറ്റിത്തീർക്കുന്നതിനും ഉള്ള നടപടികൾ എടുത്തിട്ടുണ്ട്. കുളമ്പു രോഗം വന്ന് മരണപ്പെടുന്ന കന്നുകാലികളുടെ ഉടമസ്ഥർക്ക് ധനസഹായം കൊടുക്കാനും തീരുമാനം എടുത്തുകഴിഞ്ഞു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സഭയിൽ ഹാജരില്ലാത്തതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പട്ടികജാതി–പട്ടികവർഗ്ഗ–മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV–ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX–ാം

നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീരവ്യവസായം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 1.52-ന് പിരിഞ്ഞു.